# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## (സംഗ്രഹം)

ജീവനക്കാര്യം: ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5727/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 24.07.2018

സൂചന: (1) 16.07.2018-ലെ ശ്രീ. ശ്രീകുമാർ ബി, സെക്ഷൻ ഓഫീസർ, EB III സെക്ഷൻ-ന്റെ അവധിയ്ക്കുള്ള അപേക്ഷ.

(2) 17.07.2018-ലെ ശ്രീ. മുരളീധരൻ എൻ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ സമർപ്പണം.

(3) 19.07.2018-ലെ ശ്രീമതി. സുജാത സി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ സമർപ്പണം.

## ഉത്തരവ്

ശ്രീ. ശ്രീകുമാർ ബി, സെക്ഷൻ ഓഫീസർ, EB III സെക്ഷൻ, 23.07.2018 മുതൽ പെൻഷൻ പ്രാരംഭ അവധിയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. മുരളീധരൻ എൻ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, 11.06.2018 മുതൽ 21.07.2018 വരെയുള്ള ആർജ്ജിതാവധിക്ക് ശേഷം 23.07.2018 മുതൽ (22.07.2018-ലെ അവധി സഫിക്സ് ചെയ്തുകൊണ്ട്) ജോലിയിൽ തിരികെ പ്രവേശിക്കുവാൻ സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. സുജാത സി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, 19.06.2018 മുതൽ 24.07.2018 വരെയുള്ള 36 ദിവസത്തെ അർദ്ധവേതനാവധിക്ക് ശേഷം 25.07.2018 മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് താഴെ പ്രതിപാദിച്ചിരിക്കുന്ന ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റവും നിയമനവും നൽകിക്കൊണ്ട് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ 1 ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്/ തസ്തിക/ സെക്ഷൻ | ജോലിയിൽ തിരികെ പ്രവേശിക്കൽ, തരം താഴ്ത്തൽ, തസ്തിക, ശമ്പള നിരക്ക് പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകിയിരിക്കുന്ന സെക്ഷൻ/വിഭാഗം |
|---|---|---|---|---|
| 1. | ശ്രീ. മുരളീധരൻ എൻ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ | 23.07.2018 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ അനുവദിച്ചിരിക്കുന്നു. | ശ്രീ. നാസറുദ്ദീൻ എം, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറെ തരം താഴ്ത്തുന്നതിനെ തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ്. | ഇ.ബി. 3 സെക്ഷനിൽ, ശ്രീ. ശ്രീകുമാർ ബി., സെക്ഷൻ ഓഫീസർ പെൻഷൻ പ്രാരംഭാവധി എടുത്തതിനെത്തുടർന്നുണ്ടായ ഒഴിവിൽ നിയമിക്കുന്നു. |
| 2. | ശ്രീ. നാസറുദ്ദീൻ എം, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, CBCSS XII സെക്ഷൻ | 23.07.2018 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി തരം താഴ്ത്തി രൂപ 36,600 - 79,200/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ശ്രീകുമാർ ബി, പെൻഷന് പ്രാരംഭാവധി എടുത്തതിനെത്തുടർന്നുണ്ടായിരിക്കുന്ന തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| 3. | ശ്രീമതി. സുജാത സി, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ | 25.07.2018 പൂർവ്വാഹ്നം മുതൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ അനുവദി ച്ചിരിക്കുന്നു. | ശ്രീ. ആസിഫ് മുഹമ്മദ് എ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറെ തരം താഴ്ത്തിയതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഇ.ബി.3 സെക്ഷനിൽ, ശ്രീ. മുരളീധരൻ എൻ, സെക്ഷൻ ഓഫീസറെ സ്ഥലം മാറ്റിയതിനെത്തു ടർന്നുണ്ടായ ഒഴിവിൽ നിയമിക്കുന്നു. |
| 4. | ശ്രീ. ആസിഫ് മുഹമ്മദ് എ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | 25.07.2018 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി തരം താഴ്ത്തി രൂപ 36,600 - 79,200/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. റെജി എൻ മൂസത്, സെക്ഷൻ ഓഫീസറെ തരം താഴ്ത്തിയതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ് . | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരി ക്കുന്നു. |
| 5. | ശ്രീ. റെജി എൻ മൂസത്, സെക്ഷൻ ഓഫീസർ, EF I സെക്ഷൻ | 25.07.2018 പൂർവ്വാഹ്നം മുതൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ ആയി തരം താഴ്ത്തി രൂപ 32,300 - 68,700/-ൽ നിയമിച്ചിരിക്കുന്നു. | ടിയാൾ സ്ഥാനക്കയറ്റ ത്തിനുമുൻപ് വഹിച്ചി രുന്ന അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ ഉൾക്കൊ ള്ളിച്ചിരിക്കുന്നു. | ഡി.എസ്.എസ്.-ൽ നിയമിക്കുന്നു. |
| 6. | എസി.സി. 2 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. ബൈജു എൻ.-നെ, ഇ.എഫ്. 1 സെക്ഷനിൽ ശ്രീ. റെജി എൻ. മൂസത്-നെ തരം താഴ്ത്തിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ 25.07.2018 പൂർവ്വാഹ്നം മുതൽ സ്ഥലംമാറ്റി നിയമിക്കുന്നു. | | | |
| 7. | ഇ.ബി.3 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. മുരളീധരൻ എൻ-നെ, എസി.സി. 2 സെക്ഷനിൽ, ശ്രീ. ബൈജു എൻ.-നെ സ്ഥലം മാറ്റിയതിനെത്തുടർന്നുണ്ടായ ഒഴിവിൽ 25.07.2018 പൂർവ്വാഹ്നം മുതൽ മാറ്റി നിയമിക്കുന്നു. | | | |

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടേയും മറ്റു അനുബന്ധ രേഖകളുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമിക് വിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ
7. പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III /ഫിനാൻസ് I/II/ എഡി.എ. III/ എഡി.എ. IV/ എഡി.എ. VI/ എഡി.എ. VIII/ എ.ഡി.സി. I/II/III/ എഫ്.സി.സി/എഡി.ബി. IX/എക്സാം ഓഡിറ്റ് II/DSS/EF I/EB III/Ac.C II
9. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

റഫറൻസ് നമ്പർ: എഡി.എ1-2-200/2018(സബ് ഫയൽ)

സെക്ഷൻ ഓഫീസർ